LIBRARY ARCHIVES Kerala Legislative Assembly

പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ് നവീകരണം

21 (770) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡിലെ ഉള്ളിയേരി വരെയുള്ള ആദ്യഘട്ട നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനായി ആദ്യഘട്ടത്തിൽ എത്ര കോടി രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഈ പദ്ധതിയുടെ ആദ്യഘട്ടത്തിനായി കിഫ്ബിയിൽനിന്ന് 82.36 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ് ഏറ്റെടുക്കൽ

22 (771) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. അല്ലാതുള്ള 8 മീറ്റർ റോഡുകൾ പുനരുദ്ധരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് അപര്യാപ്തമായ സാഹചര്യത്തിൽ, അത്തരം റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതില്ലെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.